പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2748 **28-10-2026-ൽ മറുപടിയ്ക്ക്**

കുടിവെള്ളത്തിന്റെ സുരക്ഷിതത്വം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. സി. അജയപ്രസാദ്

ശ്രീ. കെ. രാജൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സുരക്ഷിതമായ കുടിവെള്ളത്തിന്റെ സാർവത്രിക ലഭ്യത എന്നത് ജനതയുടെ അടിസ്ഥാന ആവശ്യവും മനുഷ്യാവകാശവുമാണെന്ന യൂനിസെഫിന്റെ പ്രഖ്യാപിത നയം കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളിലൂടെ ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ;

മറുപടി: ജൽ ജീവൻ മിഷൻ (JJM), AMRUT 2.0, സംസ്ഥാന പദ്ധതി, NABARD, KIIFB തുടങ്ങിയ പദ്ധതികളിലൂടെ പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുകയും നിലവിലുള്ള പദ്ധതികൾ വിപുലീകരിക്കുകയും ചെയ്യുന്നു. ജലശുദ്ധീകരണശാലകൾ, പമ്പിങ് സംവിധാനങ്ങൾ, സംഭരണ ടാങ്കുകൾ, വിതരണ പൈപ്പുകൾ, ഗാർഹിക കണക്ഷനുകൾ എന്നിവ സ്ഥാപിച്ച് കുടുംബങ്ങൾക്ക് പൈപ്പ് മുഖേന സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുന്നു.

കുടിവെള്ള ലഭ്യത പരിമിതമായ ഗ്രാമങ്ങൾ, വിദൂര പ്രദേശങ്ങൾ, ജലക്ഷാമം നേരിടുന്ന പ്രദേശങ്ങൾ എന്നിവയ്ക്ക് ആവശ്യമായ മുൻഗണന നൽകി പദ്ധതികൾ നടപ്പിലാക്കുന്നു.

പമ്പുകൾ, മോട്ടോറുകൾ, ട്രാൻസ്ഫോർമറുകൾ, പൈപ്പുകൾ, വാൽവുകൾ, സംഭരണ ടാങ്കുകൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണിയും കാലഹരണപ്പെട്ട വിതരണ ശൃംഖലകളുടെ പുനരുദ്ധാരണവും നടത്തുന്നതിലൂടെയും, പൈപ്പ് ചോർച്ചകൾ പരിഹരിക്കുന്നതിലൂടെയും കുടിവെള്ള വിതരണത്തിലെ തടസ്സങ്ങൾ മാറ്റുന്നതിനും, ജലത്തിന്റെ ഗുണനിലവാരവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖേന പരിഹരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നു. ഇതുമൂലം

ലഭ്യമായ ജലം കൂടുതൽ കാര്യക്ഷമമായി ഉപഭോക്താക്കളിലെത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപനം നടത്തിയും പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിയും കുടിവെള്ള പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രാധാന്യം നൽകുന്നു.

വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ ആക്ഷൻ പ്ലാൻ അനുസരിച്ച് എല്ലാ മാസവും അതാത് ജില്ലകളിലെ വാട്ടർ അതോറിറ്റി സ്കീമുകൾ വഴി നൽകുന്ന ജലത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം പരിശോധിച്ച് വരുന്നു. പരിശോധിച്ച ജലത്തിൽ അപാകതകൾ കണ്ടെത്തുന്നപക്ഷം പരിഹാരനടപടികൾ സ്വീകരിക്കുകയും തുടർന്ന് ക്വാളിറ്റി കൺട്രോൾ വിഭാഗം പുനഃപരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(ബി) ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വേണ്ടി ജലശുദ്ധീകരണ സംവിധാനങ്ങൾക്കും വിതരണ ശൃംഖലയ്ക്കും മെച്ചപ്പെട്ട നിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാം വിശദീകരിക്കുമോ;

മറുപടി: കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം വിതരണ ശൃംഖലയുടെ പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ജലശുദ്ധീകരണ സംവിധാനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ

- ജലത്തിന്റെ ഗുണനിലവാരവും അസംസ്കൃത ജലത്തിന്റെ സ്വഭാവവും അനുസരിച്ച് ശുദ്ധീകരണ പ്രക്രിയകൾ നിയന്ത്രിക്കുന്നു.
- ശുദ്ധീകരണത്തിന് ഉപയോഗിക്കുന്ന ആലം, ലൈം, ബ്ലീച്ചിങ് പൗഡർ തുടങ്ങിയ രാസവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നു.
- പമ്പുകൾ, മോട്ടോറുകൾ, ഫിൽട്ടറുകൾ, ഡോസിങ് സംവിധാനങ്ങൾ, മറ്റ് ഇലക്ട്രോ-മെക്കാനിക്കൽ ഉപകരണങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണിയും ആവശ്യമായ നവീകരണവും നടത്തുന്നു.
- ജല ശുദ്ധീകരണശാലകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് SOP നിലവിലുണ്ട്.

2. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന

- കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് കീഴിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്, ജില്ലാ ലബോറട്ടറികൾ, ഉപജില്ലാ ലബോറട്ടറികൾ

എന്നിവ മുഖേന നിരന്തരം ജലഗുണനിലവാരം നിരീക്ഷിക്കുന്നു.

- ജലസാമ്പിളുകൾ ശേഖരിച്ച് ഭൗതിക, രാസ, ബാക്ടീരിയോളജിക്കൽ പരിശോധനകൾ നടത്തുന്നു.
- പരിശോധനകൾക്ക് BIS-ന്റെ IS 10500 കൂടിവെള്ള ഗുണനിലവാര മാനദണ്ഡം അടിസ്ഥാനമാക്കുന്നു.
- പരിശോധനയിൽ ഗുണനിലവാരക്കുറവ് കണ്ടെത്തിയാൽ ബന്ധപ്പെട്ട പരിപാലന വിഭാഗത്തിലൂടെ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നു.

3. വിതരണ ശൃംഖലയുടെ പരിപാലനവും നവീകരണവും

- പഴകിയതും കേടുപാടുകൾ സംഭവിച്ചതുമായ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റിസ്ഥാപിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ വിതരണ ശൃംഖല നവീകരിക്കുകയും ചെയ്യുന്നു.
- പൈപ്പ് ചോർച്ചകൾ, പൊട്ടലുകൾ, ജലനഷ്ടം എന്നിവ കണ്ടെത്തി സമയബന്ധിതമായി പരിഹരിക്കുന്നു.

4. വിതരണ ഘട്ടങ്ങളിലെ ഗുണനിലവാര നിരീക്ഷണം

ജലസ്രോതസ്സ്, ശുദ്ധീകരണശാല, സംഭരണ ടാങ്കുകൾ, വിതരണ ശൃംഖല, ഉപഭോക്താക്കളുടെ വിതരണ പോയിന്റുകൾ എന്നിവിടങ്ങളിൽ ആവശ്യാനുസരണം സാമ്പിളുകൾ പരിശോധിച്ച് ജലഗുണനിലവാരം നിരീക്ഷിക്കുന്നു.

5. സാങ്കേതികവിദ്യയുടെ ഉപയോഗവും നിരീക്ഷണവും

ജലശുദ്ധീകരണശാലകളുടെയും പമ്പിങ് സംവിധാനങ്ങളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജലവിതരണത്തിലെ തകരാറുകൾ വേഗത്തിൽ കണ്ടെത്തുന്നതിനും ആവശ്യാനുസരണം SCADA, സെൻസറുകൾ, ഓട്ടോമേഷൻ സംവിധാനങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുവാനുള്ള പദ്ധതികളും പ്രവർത്തനക്ഷമതയും ഊർജകാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നു.

(സി) സംസ്ഥാനത്തെ ജലവിതരണ ശൃംഖലയിലേക്ക് മലിനജലം കടക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തി തടയുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദീകരിക്കുമോ;

മറുപടി: സംസ്ഥാനത്തെ ജലവിതരണ ശൃംഖലയിലേക്ക് മലിനജലം കടക്കാനുള്ള സാധ്യതകൾ കണ്ടെത്തി തടയുന്നതിന് താഴെപ്പറയുന്ന സംവിധാനങ്ങൾ

ആണുള്ളത് :

1. SCADA, സെൻസറുകൾ: മർദ്ദം, ഒഴുക്ക്, ജലഗുണനിലവാരം എന്നിവയിലെ അസാധാരണ വ്യതിയാനങ്ങൾ നിരീക്ഷിക്കൽ.
2. ചോർച്ച കണ്ടെത്തൽ: പൈപ്പ് ചോർച്ചകളും പൊട്ടലുകളും കണ്ടെത്തി സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്തൽ.
3. മലിനീകരണ പ്രതിരോധം: പൈപ്പുകളിലെ പോസിറ്റീവ് മർദ്ദം നിലനിർത്തൽ, ക്രോസ്-കണക്ഷനുകൾ ഒഴിവാക്കൽ, ആവശ്യമായിടത്ത് ബാക്ക്ഫ്ലോ പ്രിവെൻഷൻ സംവിധാനങ്ങൾ സ്ഥാപിക്കൽ.
4. ജലഗുണനിലവാര പരിശോധന: ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ മുഖേന സാമ്പിളുകൾ പരിശോധിച്ച് മലിനീകരണ സാധ്യത കണ്ടെത്തുമ്പോൾ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കേരളസംസ്ഥാന വാട്ടർ അതോറിറ്റിയുടെ ജലഗുണനിലവാര പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദീകരിക്കുമോ?

മറുപടി: കേരള വാട്ടർ അതോറിറ്റിയുടെ ജലഗുണനിലവാര പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്, 14 ജില്ലാ ലബോറട്ടറികൾ, 71 ഉപജില്ലാ ലബോറട്ടറികൾ എന്നിവ മുഖേന പരിശോധന നടത്തുന്നു.
2. പരിശോധനകളുടെ കൃത്യതയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനായി ലബോറട്ടറികൾക്ക് NABL അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.
3. ഭൗതിക, രാസ, ബാക്ടീരിയോളജിക്കൽ ഘടകങ്ങൾ പരിശോധിക്കുകയും IS 10500 മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.
4. ജലപരിശോധനയ്ക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനും ഫലം ലഭ്യമാക്കുന്നതിനും സൗകര്യമുണ്ട്.
5. ഗുണനിലവാരക്കുറവ് കണ്ടെത്തുന്ന സാഹചര്യങ്ങളിൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നു.

സെക്ഷൻ ഓഫീസർ